രിചെയ്യതിനാൽ പോലീസുകാർ പ്രസ്തുതയുവാവിനെ അറസ്റ്റുചെയ്തു കേസു ചാർജ്ജ് ചെയ്യുകയും പ്രതിയെ ജാമ്യത്തിൽ വിടുകയും ചെയ്തിരിക്കുന്നു.

മുളക്കുളം പകുതിയിൽ പുറമ്പോക്കുജോലി നടത്തിയ സ്പെഷ്യൽ അക്കൌണ്ടന്മാരുടെ ന്യായരഹിതമായ കൃത്യനിർവ്വഹണംമൂലം ആനാട്ടിലെ കർഷകവൃന്ദത്തിനു നേരിട്ടിരിക്കുന്ന അപാരമായ സങ്കടങ്ങളെ ഡിവിഷൻപേഷ്കാരവർകളെ കണ്ട് അറിയിക്കുന്നതിനായി അവിടത്തെ കർഷകസംഘത്താൽ തിരഞ്ഞെടുത്ത് അയക്കപ്പെട്ട ഡിപ്ല്യൂട്ടേഷൻകാർ ഇവിടെ എത്തുകയും തോടുകളുടെ ഇരുവശവും ഉള്ള നടവരമ്പുകളും നിലങ്ങളുടെ രക്ഷയ്ക്കും വഴിയാത്ര മുതലായ പൊതുപയോഗത്തിനും അത്യന്താപേക്ഷിതമാകയാൽ പ്രസ്തുത നടകളും ഇരിക്കുന്ന സ്ഥലംകൂടി ഉൾപ്പെടുത്തി പുറമ്പോക്കുകേസ്സ് എടുത്തു നിരാധാനകരം മുതലായ ശിക്ഷകൾക്കു തങ്ങളെ പാത്രീഭൂതരാക്കിത്തീർക്കുന്നു സങ്കടമാണെന്നും മററും കാണിച്ചു പൊതുജനങ്ങളുടെ വകയായി ഒരു ഹർജി സമർപ്പിക്കുകയും ചെയ്തിരിക്കുന്നു

### കാലംചെയ്തു

## ബിഷപ്പു ഡോക്ടർ കുര്യാളശ്ശേരി

### അവർകൾ.

(സ്വന്തം റിപ്പോർട്ടർ)

ചങ്ങനാശേരി, 21_10_100— മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുന്നതിനായും മററും റോമിലേക്കു പോയിരുന്ന ബിഷപ്പു ഡോക്ടർ തോമ്മസു കുര്യാളശ്ശേരി അവർകൾ ഇന്നലെ (ചൊവ്വാഴ്ച) പകൽ 11 മണിക്കു റോമിൽവെച്ചു കാലം ചെയ്തിരിക്കുന്നുവെന്നുള്ള വിവരം നിസ്സീമമായ ദുഃഖത്തോടുകൂടി അറിയിച്ചുകൊള്ളുന്നു. ബിഷപ്പവർകൾക്കു ദീനം അത്യന്തം കുട്ടലായിരിക്കുന്നുയെന്നും രോഗശമനാർത്ഥം പ്രത്യേകം പ്രാർത്ഥിക്കണമെന്നും കാണിച്ചു വികാരിജനറാൾ മോൺസിഞ്ഞോർ കല്പറസ്സൻഅവർകൾക്ക് ഫാദർ കാളാശ്ശേരി അവർകളുടെ ഒരു കമ്പി ഇന്നു കാലത്തു 9 മണിക്ക് കിട്ടി. ഈ വിവരം അറിഞ്ഞു ജനങ്ങൾ വ്യസനാക്രാന്തരായിരിക്കുന്ന സമയത്തുതന്നെ ഉദ്ദേശം മൂന്നുമണിയോടുകൂടി ആ പുണ്യാത്മാവ്—അതേ ചങ്ങനാശേരിരൂപതയെ പന്ത്രണ്ടിൽപ്പരം കൊല്ലങ്ങളായി പ്രശംസനീയമായി ഭരിച്ച് അതിൻെറ ഇന്നത്തെ സകലവിധമായ അഭിവൃദ്ധികൾക്കും നിദാനഭൂതനായിരുന്ന ബിഷപ്പു ഡോക്ടർ കുര്യാളശ്ശേരി അവർകൾ—കാലംചെയ്തിരിക്കുന്നു എന്നുള്ള എറണാകുളം ആർച്ചുബിഷപ്പു മോസ്റ്റ് റവ: ഡോക്ടർ കണ്ടത്തിൽ അവർകളുടെ കേബിൾസന്ദേശവും കിട്ടി. അത്യന്തം സന്താപസംപൂർണ്ണമായ ഈ വാർത്ത കർണ്ണാകർണ്ണികയാ ഈ പട്ടണത്തിൽ പരന്നതോടുകൂടി ജനതതിയുടെ ഇടയിൽ ഉണ്ടായ സന്താപപ്രകടനങ്ങൾ ഏതുവിധത്തിലായിരുന്നുവെന്ന് എഴുതിയറിയിക്കാൻ പ്രയാസം. പള്ളിയിലേയും കന്യാകാമഠങ്ങളിലേയും മണികളെല്ലാം ദുഃഖസൂചകമായി അടിച്ചുകൊണ്ടിരിക്കുന്നു. ചന്തയിലെ കടകളെല്ലാം പൂട്ടുകയും പള്ളിയിലെ കൊടിമരത്തിൽ കറുത്തകൊടി അതിൻെറ മദ്ധ്യഭാഗത്തായി കയററുകയും ചെയ്തിരിക്കുന്നു. പട്ടണത്തിൻെറ ഏതു ഭാഗത്തു ചെന്നാലും ഇതു സംബന്ധിച്ചുള്ള ദുഃഖവാർത്തകളും രോദനങ്ങളുമേ കേൾക്കാനുള്ളു. നാളെ പള്ളിയിൽവെച്ചു ചില പ്രത്യേകകർമ്മങ്ങളൊക്കെ നടക്കുന്നതായിരിക്കും.

കൊച്ചുത്രേസ്യാപുണ്യവാളത്തിയോടും ഇദ്ദേഹത്തിനു വളരെ ഭക്തിയായിരുന്നു. അദ്ദേഹത്തിനെ കാണാൻ ചെല്ലുന്നവർക്കൊക്കെയും ഈ പുണ്യവതിയുടെ പടം കൊടുക്കുകയും പാപപൊറുതിക്കായി മുട്ടിപ്പായി എല്ലാവരും ഈ പുണ്യവതിയോടു പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്ക പതിവായിരുന്നു. ഈയിടെ ഒരാഴ്ചയ്ക്കു മുമ്പേ റോമിൽവെച്ചു നടന്ന ആ പുണ്യവതിയുടെ തിരുനാളിൽ സംബന്ധിക്കണമെന്നുള്ള പ്രത്യേകആഗ്രഹത്തോടുകൂടിയാണ് ഇദ്ദേഹം ഈയിടെ റോമിലേക്കു പോയതു്. റോമിൽ പോകുന്നതിനു മുമ്പിൽ സഭാസംബന്ധമായ സകല ഏർപ്പാടുകളും അദ്ദേഹം തീർത്തുവെച്ചിട്ടാണ് പോയതു്. അദ്ദേഹം ഒരുപക്ഷേങ്കിൽ മാത്രമേ തിരിച്ചുവരികയുള്ളു എന്ന് അദ്ദേഹത്തെ കാണാൻ ചെന്നിരുന്ന പലരോടും ഇദ്ദേഹം പറഞ്ഞതായി പലരും സംസാരിക്കുന്നുണ്ടു്.

---

# സ്വദേശവാർത്തകൾ

## തിരുവനന്തപുരം.

(സ്വന്തം ലേഖകൻ)

2_6_25— അലപ്പുഴ അക്ടിംഗ് ഡിവിഷ്യൻഅസിസ്റ്റൻറും ഒന്നാംക്ലാസുമജിസ്ട്രേട്ടുമായിരുന്ന മിസ്റ്റർ സി. കെ. നാഗംപിള്ള ബി. ഏ.യെ തിരുവനന്തപു[illegible] മുനിസിപ്പാലിററിപ്രസിഡെണ്ടായി [illegible] ഡിവിഷ്യൻഅസിസ്റ്റൻറും ഒന്നാംക്ലാസുമജിസ്ട്രേട്ടും ഇപ്പോൾ പ്രൊബേഷനൽ ഗവർമ്മെൻറു സെക്രട്ടറിയുമായിരിക്കുന്ന മിസ്റ്റർ എൻ. നീലകണ്ഠപ്പിള്ളയുടെ ലാവണം കോട്ടയത്തിനു മാററുകയും (തൽക്കാലം ഗവർമ്മെൻറുസെക്രട്ടറിയായിത്തന്നെ ഉടൻ ജോലിനോക്കിക്കൊള്ളേണ്ടതാണ്) അവധിയിലിരിക്കുന്ന കോട്ടയം ഡിവിഷൻഅസിസ്റ്റൻറും ഒന്നാംക്ലാസുമജിസ്ട്രേട്ടുമായ മിസ്റ്റർ വി. ആണ്ടിപ്പിള്ള ബി. ഏ.യെ ആലപ്പുഴയ്ക്കു സ്ഥലംമാററുകയും ചെയ്തിരിക്കുന്നു. (അവധിതീർന്നാലുടൻ ആലപ്പുഴെ എത്തി ചാർജ്ജ് എടുത്തുകൊള്ളേണ്ടതാണ്) ഇപ്പോൾ കോട്ടയം ആക്ടിംഗ് ഡിവിഷ്യൻ അസിസ്റ്റൻറും ഒന്നാംക്ലാസുമജിസ്ട്രേട്ടുമായ മിസ്റ്റർ എം. എച്ച്. വീരരാഘവയ്യർ മിസ്റ്റർ സി. കെ. നാഗംപിള്ള മററു ജോലിയിൽ ഇരിക്കുന്നിടത്തോളം കാലം കോട്ടയം ഡിവിഷ്യൻഅസിസ്റ്റൻറായിത്തന്നെ തുടർന്നു ജോലിനോക്കിക്കൊള്ളുന്നതിനും ഉത്തരവായിരിക്കുന്നു.

ഒഫിഷ്യേററിംഗ് ദിവാൻ മിസ്റ്റർ ആർ. കൃഷ്ണപിള്ള ബി. ഏ. ബി. എൽ. ഇന്നു രാത്രി ഇവിടെ തിരിച്ചെത്തിയിരിക്കുന്നു.

മിസ്റ്റർ എം. ഗോവിന്ദനു പകരം സ്ഥലം ടെമ്പററി അഡീഷനൽ ജില്ലാജഡ്ജിയായി നിയമിച്ചിരിക്കുന്ന മിസ്റ്റർ എം. ആർ. നാരായണപിള്ള ബി. ഏ. ബി. എൽ. ഇന്നലെ ഇവിടെ എത്തി ചാർജ്ജെടുത്തിരിക്കുന്നു.

സ്കൂൾഫൈനൽപരീക്ഷാഫലത്തെപ്പററി പല അവാസ്ഥവപ്രസ്താവനകളും മിക്ക പത്രങ്ങളിലും കടന്നുകൂടിട്ടുള്ളതായിക്കാണുന്നു. മലയാളംരചനയ്ക്കു പ്രത്യേകം ജയിക്കണമെന്നു നിശ്ചയിച്ചിരിക്കുന്നതാണ് ഇത്രവലിയ പരാജയത്തിനു കാരണമെന്നു ചില പത്രങ്ങൾ പ്രസ്താവിക്കുന്നു. കൂടാതെ സ്കൂൾഫൈനൽപരീക്ഷാഫലം നിശ്ചയിക്കുന്നതു ഡയറക്ടരോ പരീക്ഷാബോർഡുകാരോ ആണെന്നു പലരും തെററിദ്ധരിക്കുന്നു. സർവ്വകലാശാലയിൽനിന്ന് ആണ്ടുതോറും കൊടുക്കുന്ന റൂളുകളനുസരിച്ചാണ് പരീക്ഷാഫലം നിശ്ചയിക്കുന്നതു്. കഴിഞ്ഞ കൊല്ലം ഇംഗ്ലീഷിനും ഏതെങ്കിലും ഒരു ഐച്ഛികവിഷയത്തിനും 40 ശതമാനം മാർക്ക് വീതം വേണമെന്നുണ്ടായിരുന്ന റൂൾ ഭേദപ്പെടുത്തി എല്ലാ വിഷയത്തിനും 35 ശതമാനം മതിയെന്നു തീർച്ചപ്പെടുത്തിയതും പബ്ളിക്കുപരീക്ഷയുടെ മാർക്കു നോക്കി പരീക്ഷാഫലം തീരുമാനിക്കണമെന്നു നിശ്ചയിച്ചിട്ടുള്ളതുമല്ലാതെ പഴയ റൂളിൽ യാതൊരു ഭേദഗതിയും ചെയ്തിട്ടില്ല. 1924_ലെ മാർക്ക് നോക്കി ജയിച്ചിട്ടുണ്ടെന്നു ഇപ്പോൾ തീർച്ചപ്പെടുത്തീട്ടുള്ള വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ ഗവർമ്മെൻറിൻെറ പേരിൽ നഷ്ടവ്യവഹാരം ചെയ്യാൻ കൂടി ഒരുക്കമുള്ളതായി പത്രങ്ങൾ പ്രസ്താവിക്കുന്നു. ഇതും സർവ്വകലാശാലയുടെ തീരുമാനം അനുസരിച്ചു ചെയ്തിട്ടുള്ളതാകയാൽ നമ്മുടെ ഗവർമ്മെൻറിനേയോ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനേയോ ഈ കാര്യത്തിൽ കുററപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

3_6_25— മഹാറാണിറീജൻറുതിരുമേനിയെ മുഖംകാണിക്കുന്നതിനായി പീരുമേട്ടിനു പോയിരുന്ന ഒഫീഷ്യേററിംഗ് ദിവാൻ, മിസ്റ്റർ ആർ. കൃഷ്ണപിള്ള ബി. ഏ. ബി. എൽ. ഇന്നലെ സന്ധ്യയോടുകൂടി ഇവിടെ തിരിച്ചെത്തിയിരിക്കുന്നു.

ചീഫ്സെക്രട്ടറിയായി നിയമിച്ച മിസ്റ്റർ കെ. നാരായണൻപണ്ടാലയുടെ ഒഴിവിൽ സർവ്വാധികാര്യക്കാർ മിസ്റ്റർ കൃഷ്ണപിള്ളയെ സ്ഥലം പേഷ്കാരായി നിയമിച്ച് ഇന്നലെ അദ്ദേഹത്തിനു് ഉത്തരവു പോയിരിക്കുന്നു.

വൈക്കം മുൻസിപ്പു മിസ്റ്റർ ജേ. ഈപ്പൻ ബി. ഏ. ബി. എൽ_നു മുന്നവധിയേത്തുടർന്ന് 1 മാസം 15 ദിവസത്തെ പ്രിവിലേജ് അവധികൂടി അനുവദിച്ചിരിക്കുന്നു.

വെർണ്ണാക്കുലർസ്കൂളുകളിലെ ഡബിൾഷിഫ്ററുസ്റ്റം (ഒരദ്ധ്യാപകൻ ഒരു ദിവസം രണ്ടു ക്ലാസുകൾ പഠിപ്പിക്കുന്ന സമ്പ്രദായം) ഈയാണ്ടിലും തുടർന്നുകൊണ്ടുപോകുന്നതിനെ സംബന്ധിച്ചു ഡയറക്ടർ ഗവർമ്മെൻറിലേക്ക് എഴുതിയിരിക്കുന്നു.

കത്തോലിക്കരുടെ വകയായി ചങ്ങനാശേരിയിലും മാർത്തോമ്മാസുറിയാനിക്കാരുടെ വകയായി തിരുവല്ലായിലും ഓരോ ട്രെയിനിംഗ്സ്കൂളുകൾ സ്ഥാപിക്കുന്നതിനു ഗവർമ്മെൻറിൽനിന്നനുവാദം നൽകിയിരിക്കുന്നു.

കൊല്ലം ഡിസ്ട്രിക്ട് റജിസ്ട്രാർ മിസ്റ്റർ പത്മനാഭപിള്ള ആറന്മുളസർക്കീട്ടിലായിരുന്നപ്പോൾ ഹൃദ്രോഗംനിമിത്തം പെട്ടെന്ന് അവിടെവച്ചു മരിച്ചുപോയതായി ഇന്നലെ ഇവിടെ അറിവുകിട്ടിയിരിക്കുന്നു.

അടുത്തുണ്ടാകുന്ന പോലീസ് ഇൻ[illegible]ർട്ടമെൻറിലുള്ളവരുടെ പ്രോത്സാഹനാർത്ഥം നിയമനത്തിൽ 15 ശതമാനമെങ്കിലും ഹെഡ്കാൺസ്റ്റബിൾമാരിൽനിന്നായിരിക്കണമെന്നു കാണിച്ചു പോലീസുകമ്മീഷണർ ഗവർമ്മെൻറിലേക്ക് എഴുതിയിരിക്കുന്നതായി അറിയുന്നു.

നായർറഗുലേഷൻ നടപ്പിൽ വരുന്നതോടുകൂടി ഉടനടി ഉണ്ടാകുന്ന ഫലങ്ങളേയും തന്മൂലം നേരിടാവുന്ന വിഷമതകളേയും പററി ആലോചിക്കുന്നതിനായി ഇന്നു വൈകുന്നേരം നാഷനൽ ക്ലബിൽവച്ചു നായന്മാരുടെ വകയായി ഒരു പ്രാരംഭയോഗം നടക്കുന്നതാണ്.

പാലിയത്തു് ഏളയച്ചൻ അവർകൾ സപരിവാരം ഇന്നു രാവിലെ ഇവിടെ എത്തിയിരിക്കുന്നു. ദേവസ്വംകമ്മീഷണർ എം. രാജരാജവമ്മതമ്പുരാൻ എം. ഏ, ബി. എൽ. അവർകളുടെ ഇളയപുത്രിയും ഏളയച്ചനും തമ്മിലുള്ള വിവാഹം ഇന്നു രാത്രി 10 മണിക്കു ശേഷമുള്ള ശുഭമുഹൂർത്തത്തിൽ കോട്ടയ്ക്കു വെളിയിലുള്ള അമ്മവീട്ടിൽവച്ചു നടക്കുന്നതാണ്. ഏളയച്ചൻ അവർകൾ മഹാരാജാവു തിരുമേനിയേയും ജൂണിയർ മഹാറാണി തിരുമേനിയേയും ഇന്നു മുഖം കാണിച്ചിരിക്കുന്നു.

## കൊല്ലം.

(സ്വന്തം ലേഖകൻ)

18. 10. 100— ഇന്നലെ വൈകുന്നേരം ആറു മണിക്കു വലിയകടമാക്കററിനു വടക്കുവശമുള്ള റോഡിൽ കൂടി ഒരു ചെറുപ്പക്കാരൻ രണ്ടു മണികൾ വച്ചിട്ടുള്ള ഒരു സൈക്കിളിൽ കയറി "കിണി കിണി" എന്നു മണികൾ അടിച്ചുകൊണ്ട് അതിവേഗത്തിൽ ഓടിച്ചുപോയപ്പോൾ എതിരേവന്ന ഒരു കണിയാൻ മണിയുടെ ശബ്ദം കേട്ട് ഒഴിഞ്ഞുമാറിയതും സൈക്കിൾ കണിയാൻെറ ദേഹത്തു കയറിയതും ഒരുമിച്ചുകഴിഞ്ഞു. ഉടനേ ആളുകളും കൂടി. ഉപായപരുക്കുകളേററ കണിയാൻ ആൾക്കൂട്ടം കണ്ട് അവർ വല്ലതും ഉപദ്രവിച്ചേക്കുമെന്നു ഭയന്നിട്ടോ മറേറാ "അയ്യോ എന്നെ വിട്ടേക്കണേ, ഞാൻ പൊയ്ക്കൊള്ളാം" എന്നു പറഞ്ഞതു കേട്ടു ചിലർക്കു ചിരി വന്നുപോയി. ഇതിനകം സൈക്കിൾകാരൻ പമ്പകടന്നു. കണിയാൻ അവൻെറ വഴിക്കും പോയി.

ഇവിടെ നിന്നും പ്രമോഷനോടു കൂടി തൃശ്ശിനാപ്പള്ളിയിലേക്കു സ്ഥലം മാററപ്പെട്ട സ്ഥലം റെയിൽവേ ചീഫ് പാഴ്സൽക്ലാർക്ക് മിസ്റ്റർ വെങ്കിടാചലമയ്യരേ അനുമോദിച്ചു യാത്ര അയക്കുന്നതിനായി ഇന്നു വൈകുന്നേരം അഞ്ചു മണിക്കു സ്ഥലം ബർമ്മാഓയിൽകമ്പിനി ആപ്പീസിൽ വെച്ചു ടി കമ്പനി സ്റ്റോർക്കീപ്പർ മിസ്റ്റർ കൃഷ്ണമൂർത്തിഅയ്യരുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുജനയോഗം കൂടി മിസ്റ്റർ വെങ്കിടാചലമയ്യരുടെ ഗുണഗണങ്ങളേപ്പററി അദ്ധ്യക്ഷനും, സിംഗർകമ്പനി ഏജൻറ് മിസ്റ്റർ ജേ. ഈ. ഗൊൺസാൽവസ് മുതലായവരും പ്രസംഗിക്കുകയും, മിസ്റ്റർ വെങ്കിടാചലമയ്യർ അതിലേക്കുചിതമായി മറുപടി പറകയും ചെയ്തു. തദനന്തരം അവിടെ കൂടിയിരുന്നവർക്കെല്ലാം കേമമായ ഒരു കാപ്പിസൽക്കാരം നടത്തി. നാനാജാതിമതസ്ഥരായ അനേകംപേർ ഇതിൽ സംബന്ധിച്ചിരുന്നതിൽ ബ്രാഹ്മണർ മാത്രം പ്രത്യേകം ഒരു സ്ഥലത്തിരുന്നാണ് കാപ്പി കുടിച്ചതു്. ഇതിൻെറ ശേഷം വീണ്ടും യോഗം കൂടി മിസ്റ്റർ വെങ്കിടാചലമയ്യരുടെ സ്നേഹിതന്മാരുടെ വകയായി ഒരു സ്വർണ്ണമോതിരം അദ്ദേഹത്തിനു സമ്മാനിക്കുകയും ഒടുവിൽ ചീയേഴ്സ്‌വിളി മുതലായ സമാജചടങ്ങുകളോടുകൂടി യോഗം മംഗളമായി പിരിയുകയും ചെയ്തു. യോഗത്തിനു മുമ്പ് ഒരു ഗ്രൂപ്പുഫോട്ടോ എടുക്കുകയുമുണ്ടായി.

ലോകവിശ്രുതനായ പ്രൊഫസ്സർ ഗ്രേററുബ്രട്ടൺ എന്ന യൂറോപ്യൻസൈക്കിൾകളിക്കാരൻെറ പ്രധാന ശിഷ്യനും, കൊല്ലത്തെ സ്വദേശിയും, പ്രൊഫസ്സർ രാമമൂർത്തിസർക്കസ്സുകമ്പനി, മിസ്സ് താരാഭായിസർക്കസ്സുകമ്പനി, കേരളസർക്കസ്, ജപ്പാനീസ് ന്യൂസർക്കസ്സ് മുതലായ സർക്കസ്സുകമ്പനികളിൽ വലിയ ശമ്പളത്തിലിരുന്നു കളി നടത്തി ഗവർണർമാർ, മഹാരാജാക്കന്മാർ, പ്രഭുക്കന്മാർ മുതലായവരിൽനിന്ന് അനേകം മെഡലുകളും സാക്ഷിപത്രങ്ങളും സമ്പാദിച്ചു സുപ്രസിദ്ധനായിത്തീർന്നിരിക്കുന്ന മോണോസൈക്കിളിസ്റ്റ് മിസ്റ്റർ പി. എം. നാണുപ്പൻ തൻെറ ചില ശിഷ്യന്മാരോടു കൂടി ഇവിടെ എത്തി "സൌത്ത്മലബാർ ന്യൂസർക്കസ്സു കമ്പനി" എന്ന നാമധേയത്തിൽ ഒരു സർക്കസ് കമ്പനി ആരംഭിച്ച് ഇന്നലെ ഇവിടെ വെച്ചു കളി ആരംഭിച്ചിരിക്കുന്നു.

## നെല്ലുകുത്തു യന്ത്രശാല.

## കുമ്മനം

(കോട്ടയം)

ടി യന്ത്രശാലയിൽ ജോലി ആരംഭിച്ചിരിക്കുന്നു.

മിതമായ കൂലി. സമയലാഭം.

വള്ളംവഴിയായും തലച്ചുമടായും നെല്ലു കൊണ്ടുവരുന്നതിന് ഏററവും സൌകര്യപ്പെടത്തക്കവണ്ണം കുമ്മനം "തൊണ്ടമ്പ്രാക്കടവിനു" സമീപം ടി മിൽ സ്ഥാപിച്ചിരിക്കുന്നു.

അരിക്കച്ചവടക്കാർക്കു പ്രത്യേകനിരക്കിനു നെല്ലു കുത്തി കൊടുക്കപ്പെടുന്നു

20. 10. 100— ആലപ്പുഴയ്ക്കു സർക്കീട്ടു പോയിരുന്ന പേഷ്കാർ മിസ്റ്റർ എസ്. പരമേശ്വരയ്യർ മടങ്ങി എത്തിയിരിക്കുന്നു.

എക്സൈസ് കമ്മീഷണർ മിസ്റ്റർ ഏ. ജേ. വാൻറോസ് ഇന്നലെ ഇവിടെ എത്തിത്താമസിച്ചുവരുന്നു.

സ്ഥലം വൈ. എം. സി. ഏ.യുടെ മുൻവശം സ്ഥിതി ചെയ്യുന്ന റെയിൽവേ കമ്പൌണ്ടിൽ വോളിബാൾ, ബാഡ്മിൻറൺ മുതലായ കളികൾ കളിച്ചുകൊള്ളുന്നതിനു വൈ. എം. സി. ഏ.ക്കാർക്കു തെന്നിൻഡ്യാറെയിൽവേകമ്പനി ഏജൻറ് അനുവാദം നൽകിയതനുസരിച്ച് അവർ ഇപ്പോൾ കളി ആരംഭിച്ചിരിക്കുന്നു. ഈ സ്ഥലം വളരെ മനോഹരമായതാണ്.

സ്ഥലം ചീഫ് അഞ്ചൽമാസ്റ്റർ മിസ്റ്റർ എം. സി. ജോൺ ഈ മാസം 7_ാംനു പാഴ്സൽക്ലാർക്ക് മിസ്റ്റർ യോഹന്നാൻെറ പക്കൽ നിന്നും, വി. പി. പിരിഞ്ഞവക 71 രൂപാ വാങ്ങിയതായും, അയിടയ്ക്കു് ഇവിടെ സർക്കീട്ടു വന്നിരുന്ന അഞ്ചൽസൂപ്രണ്ടു് തിരുവനന്തപുരത്തു മടങ്ങിപ്പോയിട്ടു രൂപാ മുതൽവെച്ചു ക്ലാർക്കിനു രസീതു കൊടുക്കാമെന്നു പറഞ്ഞതായും, 12_ാംനു വരെ രസീതു കൊടുക്കാഞ്ഞതിനാൽ വിവരം കാണിച്ചും, സൂപ്രണ്ടു സ്ഥലത്തു വന്നു വിചാരണ നടത്തണമെന്നും മററും വിവരിച്ചും ക്ലാർക്ക് സൂപ്രണ്ടിൻെറ പേർക്ക് ഒരു ഹർജി അയക്കുകയും ചെയ്തു. ക്ലാർക്ക് 79 രൂപാ അപഹരിച്ചുകൊണ്ടുപോയതായി ഇന്നലെ മാസ്റ്റർ ഒരു റിപ്പോർട്ടും ഒരു കമ്പിയും സൂപ്രണ്ടിനയച്ചു. മാസ്റ്റർ തന്നെ ചതിക്കാനിരിക്കുന്നു എന്നും, തന്നിമിത്തം തനിക്ക് ആപ്പീസിൽ കയറി ജോലി ചെയ്യുന്നതിനു പ്രയാസമാണെന്നും, അതിനാൽ സൂപ്രണ്ട് ഉടനേ സ്ഥലത്തെത്തണമെന്നും മററും കാണിച്ചു ക്ലാർക്കും ഇന്നലെ സൂപ്രണ്ടിനു് ഒരു കമ്പി കൊടുത്തിട്ടുണ്ടു്. ആകപ്പാടെ ചീഫ് അഞ്ചലാപ്പീസിൽ ഇപ്പോൾ ഒരു വലിയ കുഴപ്പംതന്നെയാണ്.

## ആററങ്ങൽ.

(സ്വന്തം ലേഖകൻ)

ഇടവം 20— രണ്ടുമൂന്നു ദിവസങ്ങളായി അഹോരാത്രം മഴ തന്നേ. ടൌൺ റോഡുകളിലെ വൃത്തിഹീനതയേപ്പററി വിചാരിക്കാൻപോലും പാടില്ല. പ്രസിഡെണ്ടു ശ്രദ്ധിക്കേണ്ടതാണ്.

സ്ഥലം അസിസ്റ്റൻറു സ്കൂൾഇൻസ്പെക്ടരായി സ്ഥലംമാററപ്പെട്ട മിസ്റ്റർ രാമവാരിയർ ഇവിടെയെത്തി ചാർജ്ജെടുത്തിരിക്കുന്നു.

സ്ഥലം മജിസ്ട്രേട്ടുകോടതിയിൽ ഒരു ക്രിമിനൽക്കേസിലേക്കു സാക്ഷിഎഴുതീട്ടു തിരികെ പോയ ഒരു തട്ടാനെ എതിർകക്ഷികൾ കഠിനമായി ദേഹോപദ്രവം ഏല്പിച്ചതായി മജിസ്ട്രേട്ടിൽ അന്യായപ്പെട്ടിരിക്കുന്നു.

ഞായറാഴ്ച കാലത്തു ചിറയിൻകീഴുനിന്ന് അററുങ്ങലേക്കും അററുങ്ങൽനിന്നു ചിറയിൻകീഴേക്കും ത്വരിതഗതിയിൽ ഓടിച്ചു കൊണ്ടുപോയ രണ്ടു് എയിററുസീററുകൾ തമ്മിൽ ഒന്നാമത്തേ കുററിക്കു സമീപംവെച്ചു കൂട്ടിമുട്ടുകയും അതിൽ ഒരു കാറിന് അററകുററം സംഭവിക്കയും രണ്ടിലും ഉണ്ടായിരുന്ന യാത്രക്കാർക്കു പല മുറിവുകൾ ഉണ്ടാകയും ചെയ്തിരിക്കുന്നു. വിവരം അറിഞ്ഞു പോലീസുകാർ സ്ഥലത്തെത്തി മഹസ്സർ തയാറാക്കി പോയിരിക്കുന്നു.

കാട്ടാക്കലുള്ള ഒരു മഹമ്മദീയസ്ത്രീ വെള്ളം കോരിക്കൊണ്ടു നിൽക്കുമ്പോൾ പാലം ഒടിഞ്ഞു കിണററിൽ വീഴുകയും തല ചെളിയിൽ പുതഞ്ഞുപോകയാൽ ആളുകൾ കൂടി ഇറങ്ങിയെടുക്കുന്നതിനു മുൻപായി മരിച്ചുപോകയും ചെയ്തിരിക്കുന്നു.

വെള്ളല്ലൂരുള്ള ഒരു നായർയുവാവു ഗൃഹസംബന്ധമായ ഏതോ ഛിദ്രംമൂലം തൂങ്ങി മരിച്ചിരിക്കുന്നു. പ്രേതം പോസ്റ്റ്മാർട്ടംപരിശോധനയ്ക്കു ചിറയിൻകീഴാശുപത്രിയിലേക്കു കൊണ്ടുപോകപ്പെട്ടിരിക്കുന്നു.

## ദക്ഷിണതിരുവിതാംകൂർ

(സ്വന്തം ലേഖകൻ)

20_10_100— പേച്ചിപ്പാറഅണയു[illegible]പത്തുള്ള വനത്തിൽ ഒരുകമിയായ കാട്ടാന സഞ്ചരിച്ചു വലിയ നാശങ്ങളും പല ഉപദ്രവങ്ങളും ചെയ്തുവരുന്നതായറിയുന്നു. കാണിക്കാരുടെ വക ചില കുടിലുകളെ പൊളിച്ചെറിഞ്ഞതുകൂടാതെ അവരുടെ കൃഷിസാധനങ്ങളേയും നഷ്ടപ്പെടുത്തിവരുന്നുവെന്നും ഈ ആനയെ കൊല്ലണമെന്നു ഫാറസ്റ്റ് റെയിഞ്ചർ എഴുത്തുകുത്തു നടത്തിയിരിക്കുന്നതായുംകൂടി പറയപ്പെട്ടിരിക്കുന്നു. ഈയിടെ ഒരു ദിവസം ജലാശയത്തിൽക്കൂടി ചിലർ ബോട്ടിൽ സഞ്ചരിക്കുമ്പോൾ അണയിൽനിന്ന് അറുമൈൽ അകലെയുള്ള തച്ചമലയ്ക്കു സമീപം വെള്ളത്തിനടിയിൽ താഴ്‌ന്നു കിടന്ന കൊമ്പൻ ഇതാണെന്നു കണ്ടവർ പറയുന്നു. നെട്ടമങ്ങാട്ടുവനത്തിൽനിന്ന് ഈയിടെ ദിക്കുസഞ്ചാരത്തിനായി പുറപ്പെട്ടിരിക്കുകയാണെന്നും ചിലർ സംസാരിക്കുന്നതിൽ എത്രത്തോളം വാസ്തവമുണ്ടെന്നറിയുന്നില്ല.

പേച്ചിപ്പാറഅണയിൽ സൂപ്രണ്ടായിരിക്കുന്ന മിസ്റ്റർ വെങ്കപ്പറാവുവിനെ ചീഫ്എൻജിനീയരുടെ ശുപാർശയനുസരിച്ചു തൽക്കാലലാവണത്തിൽനിന്നു സ്ഥിരലാവണത്തിൽ ആക്കി ഇപ്പോഴത്തെ അൻപതു രൂപാ ശമ്പളം കൊടുക്കാൻ ഗവർമ്മെൻറനുവദിച്ചിരിക്കുന്നതായറിയുന്നു. മിസ്റ്റർ റാവു പെരിയാർവേല സംബന്ധിച്ചു മേസ്തിരി ജോലിയിലായിരിക്കയാൽ അവിടത്തേയും അതിൽപ്പിന്നീടു പേച്ചിപ്പാറയിലേയും താൽക്കാലികലാവണത്തേക്കൂടി വകവെച്ചു 60 വയസ്സു തികഞ്ഞിരിക്കുന്ന ഈ ഘട്ടത്തിൽ പെൻഷൻ കൊടുത്തു പിരിക്കുന്നതാണെന്നും അതിൻെറ ശേഷം വീണ്ടും പെൻഷനോടുകൂടി മേസ്തിരിജോലിയിൽ പ്രവേശിക്കുന്നതാണെന്നും അറിയുന്നു.

## ചെങ്ങന്നൂർ

(സ്വന്തം ലേഖകൻ)

20_10_100— കൊല്ലം ഡിസ്ട്രിക്ട് റജിസ്ട്രാർ മിസ്റ്റർ ആർ. പത്മനാഭപിള്ള ഇന്നലെ വൈകിട്ട് ആറന്മുളവച്ചു ഹൃദയസ്തംഭനം നിമിത്തം പെട്ടെന്നു മരിച്ചുപോയിരിക്കുന്നു. ആറന്മുള സബ്റജിസ്ട്രാർആപ്പീസു പരിശോധന കഴിച്ചശേഷം അഞ്ചുമണിയോടുകൂടി താമസസ്ഥലത്തു് എത്തുകയും അവിടെവച്ചു സുഖക്കേട് ആരംഭിച്ച് അധികം താമസിയാതെ മരിച്ചുപോകയുമാണ് ചെയ്തിട്ടുള്ളതു്. ഭാര്യയും കുട്ടികളും കൂടെയുണ്ടായിരുന്നു. ഇദ്ദേഹം വാതരോഗം, ഹൃദ്രോഗം മുതലായവ പിടിപെട്ടു സാധാരണ സുഖക്കേടുകാരനാകയാൽ ഭാര്യയും കുട്ടികളും ഒരുമിച്ചാണത്രേ ഈയിടെ സർക്കീട്ടു ചെയ്തുവരുന്നതു്. മൃതശരീരം ആറന്മുളനിന്ന് ഇന്നു കാലത്തെ വള്ളംവഴി ഇവിടെ കൊണ്ടുവരികയും ഇവിടെനിന്നും സ്പെഷ്യൽ മോട്ടർകാർ മാർഗ്ഗം 11 മണിക്കു തിരുവനന്തപുരത്തേക്കു കൊണ്ടുപോകയും ചെയ്തിരിക്കുന്നു.

റാന്നിയിൽ ഒരു വസ്തുവിൻെറ കൈവശം സംബന്ധിച്ച തർക്കസമരത്തിൽ തലയ്ക്കുടിയേററു് ഓലിക്കൽ തോമ്മാ എന്നയാൾമരിച്ചുപോയതായും മററും കഴിഞ്ഞലക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മരിച്ചയാളിനെ കൂടാതെ കുത്തേററ ഒരാളും ആശുപത്രിചികിത്സയിൽ ഇരിക്കുന്നുണ്ട്. കൂടാതെ ഈ ഭയങ്കരകൃത്യം ചെയ്തവരെന്നു വിചാരിക്കപ്പെടുന്ന രണ്ടാളുകളും ആശുപത്രിചികിത്സയ്ക്കു് എത്തീട്ടുള്ളതായും അവരെ പോലീസ് ഇൻസ്പെക്ടർ അറസ്റ്റ്ചെയ്തു ബന്തവസ്സിൽ വച്ചിരിക്കുന്നതായും അറിയുന്നു. 15_ാംനു വ്യാഴാഴ്ചയാണ് ഈ കൃത്യം നടന്നതു്. അന്നു രാത്രിതന്നേ മരിച്ച ആളിനെ ആശുപത്രിയിൽ കൊണ്ടുവന്നു ശസ്ത്രക്രിയ ചെയ്യുന്നതിന് ഒരാളെക്കൊണ്ടുമാത്രം സാദ്ധ്യമല്ലെന്നു കാണുകയാൽ ഡാക്ടർ ററി. കെ. വാഗീസിൻെറ ഉപദേശപ്രകാരം കോട്ടയത്തേയും, ചങ്ങനാശേരിയിലേയും പ്രധാനഡാക്ടറന്മാരേ വരുത്തിയിരുന്നു. ഈ മൂന്നു ഡാക്ടർമാർകൂടി ശസ്ത്രക്രിയ മുതലായതു നടത്തി എങ്കിലും 17-ാംനു കാലത്തേ മരിച്ചുപോകയാണു ചെയ്തതു്. പോസ്റ്റ്മാർട്ടത്തിനുശേഷം മാരാമൺപള്ളിയിൽ ശവം സംസ്കരിക്കപ്പെട്ടു. പോസ്റ്റ്മാർട്ടത്തിൽ തലയോട്ടു 12 കഷണങ്ങളായിട്ടു പൊട്ടിപ്പോയിരുന്നതായി കാണപ്പെട്ടുവത്രേ. ഈ തർക്കവസ്തുവിനേ സംബന്ധിച്ചു പത്തനംതിട്ട മജിസ്ട്രേട്ടുകോടതിയിൽ ഒരു കൈയേററക്കേസു നടന്നുവരുന്നതായും അറിയുന്നു. ഈ കൊലക്കേസിൻെറ സ്ഥിതിഗതികളേയും അന്വേഷണത്തേയും മററും സംബന്ധിച്ചു മരിച്ച ആളിൻെറ അനുജൻ ഇന്നു സ്ഥലം ഒന്നാംക്ലാസുമജിസ്ട്രേട്ടുകോർട്ടിൽ ഒരു ഹർജി കൊടുത്തിരിക്കുന്നതായും ഏ. എസ്. പി. മിസ്റ്റർ അഴകപ്പാപിള്ളയുടെ ചുമതലയിലും മേൽനോട്ടത്തിലും അന്വേഷണം നടന്നുവരുന്നതായും അറിയുന്നു.

Printed and Published by K. C. [illegible]
the Malayala Manorama Press, [illegible]